# പാത്രിയാർക്കീസ് ബാവയുടെ ഛായാചിത്ര പ്രയാണത്തിന് സ്വീകരണം

**ചങ്ങനാശ്ശേരി:** ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവയുടെ ഭാരത സന്ദർശന സന്ദേശവുമായി തിരുവനന്തപുരം സെൻറ്പീറ്റേഴ്സ് ദേവാലയത്തിൽ നിന്നാരംഭിച്ച പാത്രിയാർക്കീസ്ബാവായുടെ ഛായാചിത്ര പ്രയാണ ഘോഷയാത്രയ്ക്ക് ജില്ലാ അതിർത്തിയായ ഇടിഞ്ഞില്ലത്ത് സ്വീകരണം നൽകി. ഛായാചിത്രത്തിൽ സി.എഫ്. തോമസ് എം.എൽ.എ. ഹാരമണിയിച്ചു. ഗ്രിഗോറിയോസ് മാർ കൂറിലോസ്, ഫാ.ഫിലിപ്പോസ്, ഫാ.കുര്യാക്കോസ്, പി.എസ്.കുര്യാക്കോസ്, സണ്ണി, ഇ.എം.വർഗീസ്, മനോജ്മാത്യു തുടങ്ങിയവർ നേതൃത്വം നൽകി. കുറിച്ചി പുത്തൻപള്ളി, പാക്കിൽ സെൻറ് തോമസ്, നാലുന്നാക്കൽ സെൻറ് ആദായീസ്, തൃക്കോതമംഗലം ശർബിൻ ദയറ, പുതുപ്പള്ളി സെൻറ്ജോർജ്, എറികാട് സെൻറ്മേരീസ്, മീനടം സെൻറ് ജോൺസ്, തോട്ടയ്ക്കാട് സെൻറ് ഇഗ്നാത്തിയോസ്, പാമ്പാടി ഈസ്റ്റ് സെൻറ്മേരീസ്, കാഞ്ഞിരപ്പാറ സെൻറ്ജയിംസ്, നെടുമാവ് സെൻറ്ജോർജ്, വെണ്ടൂർ സെൻറ്തോമസ്, മണർകാട് സെൻറ്മേരീസ് തുടങ്ങിയ ദേവാലയങ്ങളിലും ഛായാചിത്ര പ്രയാണത്തിന് വിശ്വാസികൾ സ്വീകരണമേകി.



പാത്രിയാർക്കീസ് ബാവയുടെ ഛായാചിത്ര പ്രയാണത്തിന് ജില്ലാ അതിർത്തിയായ ചങ്ങനാശ്ശേരി ഇടിഞ്ഞില്ലത്ത് നൽകിയ സ്വീകരണം